**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **13.06.2019-ൽ മറുപടിക്ക്**

**നമ്പർ.1899**

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ വിവരണാത്മക പരീക്ഷ

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | പത്താം ശമ്പള കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിൽ സെക്രട്ടേറിയറ്റ്/പി.എസ്.സി അസിസ്റ്റന്റ് തസ്തികയിൽ വിവരണാത്മക പരീക്ഷ നടത്തണമെന്ന് ശിപാർശ നൽകിയ ശേഷവും പ്രസ്തുത തസ്തികയിൽ വിവരണാത്മക പരീക്ഷ നടത്താതെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ; | (എ) | സർക്കാർ സർവ്വീസിലേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തുന്നത് പി.എസ്.സിയുടെ അധികാര പരിധിയിൽ പെടുന്ന വിഷയമാണ്. ഒരു തസ്തികയിലേയ്ക്ക് എപ്രകാരം പരീക്ഷ നടത്തണം എന്ന് തീരുമാനിക്കുന്നതും പി.എസ്.സി. തന്നെയാണ്. സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ Objective Multiple Choice മാതൃകയിലുള്ള പരീക്ഷ നടത്തുവാനാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചത്. |
| (ബി) | 1990-ന ശേഷം എത്ര പ്രാവശ്യം പ്രസ്തുത തസ്തികയിൽ ഒബ്ജക്ടീവ് പരീക്ഷ മാത്രം നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | നേരിട്ടുള്ള നിയമനത്തിനും ത്സ്തികമാറ്റം വഴിയുള്ള നിയമനത്തിനും മൂന്നു തവണവീതം പി.എസ്.സി. ഒബ്ജക്ടീവ് പരീക്ഷ നടത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത തസ്തികയുടെ അടുത്ത വിജ്ഞാപനം മുതൽ ശമ്പള കമ്മീഷന്റെ ശിപാർശയനുസരിച്ച് വിവരണാത്മകരീതിയിൽ പരീക്ഷകൾ നടത്താൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കൈക്കൊള്ളുന്ന തീരുമാനങ്ങൾക്കനുസൃതമായിട്ടാണ് പരീക്ഷ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ